# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2570 12.02.2019-ൽ മറുപടിക്ക്

## നെല്ലിയാംപതിയിലെ ശിശുമരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഷാഫി പറമ്പിൽ : | | എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| എ) | നെല്ലിയാംപതി ഊരിലെ രങ്കമ്മ-പളനി സ്വാമി ദമ്പതികളുടെ കുഞ്ഞ് കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ വെച്ച് 2018 ഡിസംബറിൽ മരണമടഞ്ഞ സംഭവത്തെ സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; | എ) | നെല്ലിയാംപതി ഊരിലെ രങ്കമ്മ-പളനി സ്വാമി ദമ്പതികളുടെ കുഞ്ഞ് കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ വെച്ച് 2018 ഡിസംബറിൽ മരണമടഞ്ഞ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>ശ്രീമതി. രങ്കമ്മയെ 19.12.2018-ൽ പ്രസവ ശുശ്രൂഷയ്ക്കായി കോട്ടത്തറ ഗവ. ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും 21.12.2018-ൽ വേദന അനുഭവപ്പെട്ടതിനെ തുടർന്ന് പ്രസ്തുത ആശുപത്രിയിൽ അപ്പോൾ ഗൈനക്കോളജിസ്റ്റിന്റെ സേവനം ലഭ്യമല്ലാതിരുന്നതിനാൽ അടിയന്തര സാഹചര്യത്തിൽ തമിഴ്നാട്ടിലെ ആനക്കട്ടിയിലുള്ള 'ബഥനി മെഡിക്കൽ സെന്റർ' എന്ന സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ആവശ്യമായ വൈദ്യസഹായം ലഭ്യമാക്കുകയും ഗർഭാവസ്ഥയിൽ മരണപ്പെട്ട കുഞ്ഞിനെ ശസ്ത്രക്രിയയിലൂടെ പുറത്തെടുക്കുകയുമായിരുന്നു. ഗർഭകാലത്ത് ശ്രീമതി. രങ്കമ്മയ്ക്ക് കോട്ടത്തറ ആശുപത്രിയിൽ ആവശ്യമായ കുത്തിവെയ്പ്പുകളും മരുന്നുകളും നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ശ്രീമതി. രങ്കമ്മയ്ക്ക് അടിയന്തര ധനസഹായമായി അട്ടപ്പാടി ഐ.റ്റി.ഡി.പി. മുഖേന 5000/- രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ വകുപ്പിന്റെ ജനനീ ജന്മരക്ഷാ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങളും നൽകിവരുന്നുണ്ട്. |
| ബി) | പ്രസ്തുത ആശുപത്രിയിൽ എത്ര ഗൈനക്കോളജി ഡോക്ടർമാരാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ; | ബി) | കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ 3 ഗൈനക്കോളജി ഡോക്ടർമാരാണ് നിലവിലുള്ളത്. |
| സി) | പ്രസ്തുത ഡോക്ടർമാരുടെ സേവനം ലഭ്യമാകാത്തതുകൊണ്ടാണോ നവജാത ശിശു മരണമടയുവാൻ ഇടയായത് ; എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ ? | സി) | ഇക്കാര്യം സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ